# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 03.06.2026

## പ്രസിദ്ധീകരണത്തിന്

**പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ കട്ട് ഓഫിൽ നിന്നും ഒഴിവാക്കി**

## സംസ്കൃത സർവ്വകലാശാലയിൽ 27 വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപക ഒഴിവുകൾ ; അവസാന തീയതി ജൂൺ ഒൻപത്

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലും പ്രാദേശിക കേന്ദ്രങ്ങളിലും വിവിധ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപക ഒഴിവുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അക്കമ്പനിയിംഗ് ആർട്ടിസ്റ്റുകളുടെയും ഒഴിവുകളുണ്ട്. ഒഴിവുകൾ താത്ക്കാലികമാണ്. പരമാവധി 11 മാസത്തേക്കായിരിക്കും നിയമനം. ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ഹിസ്റ്ററി, മലയാളം, മ്യൂസിക്, പെയിന്റിംഗ്, ഫിലോസഫി, ഫിസിക്കൽ എഡ്യൂക്കേഷൻ, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായ, സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം, ഹിന്ദി, ഭരതനാട്യം, മോഹിനിയാട്ടം, ജ്യോഗ്രഫി, അറബിക്, ഉർദു, സൈക്കോളജി, സോഷ്യൽ വർക്ക്, സോഷ്യോളജി, തീയറ്റർ, ട്രാൻസലേഷൻ സ്റ്റഡിസ്, കംപാരറ്റീവ് ലിറ്ററേച്ചർ, ആയുർവ്വേദ, മ്യൂസിയോളജി, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വിഷയങ്ങളിലാണ് ഒഴിവുകളുള്ളത്. വയലിൻ, മൃദംഗം, വോക്കൽ എന്നിവയിൽ അക്കമ്പനിയിംഗ് ആർട്ടിസ്റ്റുകളുടെയും ഒഴിവുണ്ട്. 70 വയസ് എന്ന പരമാവധി പ്രായപരിധിക്ക് വിധേയമായി വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാവുന്നതാണ്.

2018 യു. ജി. സി. റഗുലേഷൻ പ്രകാരം യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. യു. ജി. സി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ യു. ജി. സി. യോഗ്യതയില്ലാത്ത അപേക്ഷകരും പരിഗണിക്കും. ബന്ധപ്പെട്ട വിഷങ്ങളിൽ വിലവിൽ സാധുവായ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ പ്രസ്തുത വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ഇവരെ സ്ക്രീനിംഗ് കട്ട് ഓഫിൽ നിന്നും ഒഴിവാക്കുന്നതാണ്. യു. ജി. സി. നിഷ്കർഷിച്ചിട്ടുള്ള അക്കാദമിക് റെക്കോർഡ്, റിസർച്ച് പെർഫോർമൻസ്, അധ്യാപന പരിചയം എന്നിവ ഉൾപ്പെടെ സ്ക്രീനിംഗ് മാനദണ്ഡങ്ങളിൽ 50% ൽ കുറയാതെ സ്കോർ നേടുന്ന അപേക്ഷകരെ മാത്രമേ അഭിമുഖത്തിന് പരിഗണിക്കുകയുള്ളൂ. യു. ജി. സി. യോഗ്യതയുള്ളവർക്ക് പ്രതിമാസ വേതനം 40,000/- രൂപയും, യു. ജി. സി. യോഗ്യതയില്ലാത്തവർക്ക് 30,000/- രൂപയുമായിരിക്കും. പെർഫോമിംഗ് ഡിപ്പാർട്ട്മെന്റുകളിൽ നിയമിക്കപ്പെടുന്ന അക്കമ്പനിയിംഗ് ആർടിടിസ്റ്റുകളുടെ ഹോണറേറിയം 25,000/- രൂപയായിരിക്കും. അപേക്ഷാഫീസ് 200/- രൂപ. എസ്. സി./എസ്. ടി. വിഭാഗങ്ങൾക്ക് അപേക്ഷാഫീസില്ല. സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് അപേക്ഷാഫീസ് ഓൺലൈനായി അയയ്ക്കണം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ ഒൻപത്. കൂടുതൽ വിവരങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനും www.ssus.ac.in സന്ദർശിക്കുക.


**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075